പതിമൂന്നാം കേരള നിയമസഭ
പന്ത്രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ: **4490** — **17.12.2014** ൽ മറുപടിക്ക്

**ഉൾനാടൻ ജലാശയങ്ങളിലെ മലിനീകരണം കുറച്ചുകൊണ്ടുവരുന്നതിനു നടപടി**

| ചോദ്യം | | മറുപടി | |
|---|---|---|---|
| | ശ്രീ. കെ. മുഹമ്മദുണ്ണി ഹാജി<br>ശ്രീ. പി.ബി. അബ്ദുൾ റസാക്<br>ശ്രീ. സി. മോയിൻകുട്ടി<br>ശ്രീ. പി. കെ. ബഷീർ | | ശ്രീ.പി.ജെ.ജോസഫ്<br>(ജലവിഭവവകുപ്പ് മന്ത്രി) |
| (എ) | സംസ്ഥാനത്തെ ഉൾനാടൻ ജലാശയങ്ങളിലെ കോളിഫോം ബാക്ടീരിയയുടെ അളവ് വളരെ ഉയർന്നതാണെന്ന് പരിശോധനകളിൽ കണ്ടെത്തിയിട്ടുണ്ടോ; | (എ) | ഉണ്ട്. |
| (ബി) | എങ്കിൽ, ഇത്തരത്തിൽ മാലിന്യത്തോത് ഉയരുന്നതിനുള്ള കാരണങ്ങളെക്കുറിച്ച് പരിശോധിച്ചിട്ടുണ്ടോ; വിശദമാക്കുമോ; | (ബി) | ഉണ്ട്. ശാസ്ത്രീയമായ രീതി യിലുള്ള സീവേജ് ശേഖരണ ശുദ്ധീകരണ സംവിധാനങ്ങളുടെ അപര്യാപ്തതയാണ് കോളിഫോം ബ്ക്ടീരിയയുടെ അളവ് കൂടുതലായി കാണുന്നതിന്റെ കാരണം |
| (സി) | മലിനീകരണം കുറച്ചുകൊണ്ടു വരുന്ന കാര്യത്തിൽ എന്തൊക്കെ നടപടികൾ സ്വീകരിച്ചിട്ടുണ്ട് എന്ന് വ്യക്തമാക്കുമോ? | (സി) | സംസ്ഥാനത്തെ ജലാശയങ്ങൾ മാലിന്യവിമുക്തമാക്കുന്നതിന് നദികളിലെ നീരൊഴുക്ക് സുഗമമാക്കുന്നതിനുള്ള സംരക്ഷണ പ്രവൃത്തികൾ, നദീതീരങ്ങൾ വൻതോതിൽ ഇടിയുന്ന സ്ഥലങ്ങൾ കണ്ടെത്തി അവിടെ തീരസംരക്ഷണ പ്രവൃത്തികൾ, കൂടുതലായി ചെളി അടിഞ്ഞു കൂടുന്ന സ്ഥലങ്ങളിൽ ചെളിയും പായലും നീക്കം ചെയ്യുന്ന പ്രവൃത്തികൾ, ജലാശയങ്ങളിൽ അടിഞ്ഞു കൂടുന്ന ഖരമാലിന്യവും ചെളിയും മറ്റും മാറ്റുന്ന പ്രവൃത്തികൾ തുടങ്ങിയവ ഫണ്ടിന്റെ ലഭ്യതയനുസരിച്ച് നടപ്പിലാക്കി വരുന്നു. രാജ്യത്തെ ജല സ്രോതസ്സുകളുടെ മലിനീകരണം തടയുന്നതിനായി നിലവിൽ വന്ന ജല (മലിനീകരണവും നിയന്ത്രണവും) നിയമം, 1974 പ്രകാരം ജല സ്രോതസ്സുകളിലേക്ക് പാഴ്ജലം ഒഴുക്കുന്നതിന് ആദ്യകാലങ്ങളിൽ വ്യവസായ സ്ഥാപനങ്ങളെ മാത്രമാണ് അനുമതി പരിധിയിൽ കൊണ്ടുവന്നിരുന്നതെങ്കിലും കാലക്രമേണ ആശുപത്രികൾ, ഹോട്ടലുകൾ, റിസോർട്ടുകൾ, ഉത്തുംഗ കെട്ടിടങ്ങൾ തുടങ്ങി മലിനീകരണ സാധ്യതയുള്ള എല്ലാ സ്ഥാപനങ്ങളെയും/പ്രവർത്തനങ്ങളെയും അനുമതി പരിധിയിൽ കൊണ്ടു വന്ന് ശാസ്ത്രീയമായ മലിനജല ശുദ്ധീകരണ സംവിധാനങ്ങൾ ഏർപ്പെടുത്തിച്ചും അതിന്റെ പ്രവർത്തനം ഇടയ്ക്കിടെ മോണിറ്റർ ചെയ്തും സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡ് ജലമലിനീകരണം നിയന്ത്രിച്ചുവരുന്നു. അനുമതികൾ |

നൽകുന്നതിനുള്ള പരിശോധനകളിലും തുടർന്നു നൽകുന്ന അനുമതി പത്രങ്ങളിലെ നിബന്ധനകളിലും മലിനീകരണ നിയന്ത്രണത്തിനുതകുന്ന നിർദ്ദേശങ്ങൾ നൽകുന്നു. ഇവ നടപ്പിലാക്കുന്നതു വഴിയും ജല മലിനീകരണ നിയന്ത്രണം ഒരു പരിധി വരെ പ്രാവർത്തികമാക്കുന്നു. എന്നാൽ പട്ടണങ്ങളിൽ നിന്നും നഗര പ്രദേശങ്ങളിൽ നിന്നും വരുന്ന ഗാർഹിക മാലിന്യങ്ങൾ ശരിയായ രീതിയിൽ ശേഖരിച്ച് നിർമ്മാർജ്ജനം ചെയ്താൽ നമ്മുടെ ജലാശയങ്ങളിലെ മലിനീകരണം നിയന്ത്രണ വിധേയമാകും.

ഹൗസ് ബോട്ടുകളിൽ നിന്നുള്ള സീവേജും ഗാർബേജും കായൽ മലിനീകരണം ഉണ്ടാക്കുന്നതിന് കാരണമാകുന്നു. ഇത് നിയന്ത്രിക്കുന്നതിനായി ഹൗസ് ബോട്ടുകളെ ബോർഡിന്റെ അനുമതി പരിധിയിൽ കൊണ്ടുവന്നിട്ടുണ്ട്. ഹൗസ് ബോട്ടുകളിൽ സീവേജ് സംഭരണ സംവിധാനം ഏർപ്പെടുത്തേണ്ടതും ഇപ്രകാരം ശേഖരിക്കുന്ന സീവേജ് കരയിലെത്തിച്ച് ശാസ്ത്രീയമായ ശുദ്ധീകരണ സംവിധാനം വഴി സംസ്ക്കരിക്കേണ്ടതുമാണ്. ഇതിനായി കരയിൽ സ്വന്തമായി സീവേജ് സംസ്കരണ സംവിധാനം ഏർപ്പെടുത്തുകയോ പൊതു മലിനജല ശുദ്ധീകരണ സംവിധാനം വഴി സംസ്ക്കരിക്കുകയോ ചെയ്യേണ്ടതുണ്ട്. ഗാർബേജ് മാലിന്യം ഹൗസ്ബോട്ടിൽ തന്നെ ശേഖരിച്ച് കരയിൽ നിർമ്മാർജ്ജനം ചെയ്യേണ്ടതാണ്. വിനോദസഞ്ചാര വകുപ്പിന്റെ അധീനതയിൽ കുമരകത്ത് ഹൗസ് ബോട്ടുകളിൽ നിന്നുള്ള സീവേജ് സംസ്ക്കരിക്കുന്നതിനായി ഒരു പൊതു മലിന ജല ശുദ്ധീകരണ സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട്. ഡിസ്ട്രിക്ട് ടൂറിസം പ്രൊമോഷൻ കൗൺസിലിന്റെ ഫണ്ട് ഉപയോഗപ്പെടുത്തി 180 KLD ശേഷിയുള്ള ഒരു സീവേജ് ട്രീറ്റ്മെന്റ് പ്ലാന്റ് നീലംപേരൂർ പഞ്ചായത്തിലെ കുന്നുമ്മ വില്ലേജിൽ സ്ഥാപിച്ചിട്ടുണ്ട്. സീവേജ് മാലിന്യം കരയിലെ സ്വന്തമായ സീവേജ് സംസ്കരണ സംവിധാനം വഴിയോ പൊതു മലിനജല ശുദ്ധീകരണ സംവിധാനം വഴിയോ സംസ്ക്കരിക്കുകയും ചെയ്യുന്ന ഹൗസ് ബോട്ടുകൾക്കു മാത്രമേ അനുമതി പുതുക്കി നൽകുന്നുള്ളൂ.

സെക്ഷൻ ഓഫീസർ